ഡോക്ടർ (മിസ്സിസ്) ടി. ഫ്രാൻസിസ്സ്: സർ, റിട്ടയർ ചെയ്യാൻ പോകുന്ന ഫസ്റ്റ് ക്ലാസ് ഓഫീസർമാർ ഉണ്ടല്ലോ, ഇവരുടെ എല്ലാം പോസ്റ്റുകൾ അത്യന്താപേക്ഷിതമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവരുടെ പോസ്റ്റ് ആവശ്യമില്ലാത്തതുകൊണ്ട് റിട്ടയർ ചെയ്യുന്നതല്ല. അവർ സർവ്വീസിൽ നിന്നും സൂപ്പറാനുവേഷൻ (Superannuation) ആയി റിട്ടയർ ചെയ്യുകയാണ്.

ഡോക്ടർ (മിസ്സിസ്) ടി. ഫ്രാൻസിസ്സ്: ഇതിൽ റിട്രെഞ്ച്മെന്റ് വരുത്താൻ തക്ക പോസ്റ്റുകൾ ഇല്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു നോട്ടിസ്സ് വേണം.

## FERRY TRANSPORT SERVICE—ACCOUNTS REGARDING

**165.** (336) മിസ്റ്റർ കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെന്റ് ദയവായി മറുപടി പറയുമോ.—

(എ) ഫെറി ബോട്ട് ടാൻസ്പോർട്ട് സർവ്വീസിലെ വരവു ചിലവ് എത്ര;

(ബി) ഗവണ്മെന്റ് സർവ്വീസ് ഏറ്റെടുത്തതിനുശേഷം ടിക്കറിനു ചാർജ്ജ് കൂട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) വരവ് ക. ഫ, ഴ ഠ, വ ഫ ൻ — ഫ ഫ — ന.
ചിലവ് ക. ഫ, ര ൻ, ഫ ഴ — ഫ ഫ — ൻ.

(ബി) ഗവണ്മെന്റ് സർവ്വീസ് ഏറ്റെടുത്തതിനുശേഷം ടിക്കറിനു ചാർജ്ജ് കൂട്ടിയിട്ടില്ല. എന്നാൽ മാസപാസ്സുകൾക്ക് താഴെ വിവരിക്കുന്ന ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

| | ഇപ്പോഴത്തെ നിരക്ക് | | | പഴയ നിരക്ക് | | |
|---|---|---|---|---|---|---|
| | | എറണാകുളം—മട്ടാഞ്ചേരി | | | | |
| | ക. | ണ. | സ. | ക. | ണ. | സ. |
| ഫസ്റ്റ് ക്ലാസ്സ് | ന | ഠ | ഠ | | ഇല്ല | |
| സെക്കന്റ് ക്ലാസ്സ് | ഉ | ഠ | ഠ | ര | ഠ | ഠ |
| | | ഹാർബർ—മട്ടാഞ്ചേരി | | | | |
| ഫസ്റ്റ് ക്ലാസ്സ് | ര | ഠ | ഠ | | ഇല്ല | |
| സെക്കന്റ് ക്ലാസ്സ് | ന | ഠ | ഠ | | ഇല്ല | |
| | | എറണാകുളം—വെണ്ടുരുത്തി ഡീപ് | | | | |
| ഫസ്റ്റ് ക്ലാസ്സ് | ഉ | ഠ | ഠ | | ഇല്ല | |
| സെക്കന്റ് ക്ലാസ്സ് | ന | വ | ഠ | ന | വ | ഠ |
| | | എറണാകുളം—കസ്റ്റംസ് | | | | |
| ഫസ്റ്റ് ക്ലാസ്സ് | ന | ഠ | ഠ | | ഇല്ല | |
| സെക്കന്റ് ക്ലാസ്സ് | ര | വ | ഠ | ര | വ | ഠ |
| നാലാം ക്ലാസ്സ് | ന | ഠ | ഠ | ന | വ | ഠ |

**Mr. President:** Qustion No. 166 also relates to the same subjcet.

## FERRY SERVICE—INCOME AND EXPENDITURE OF

**166.** (151) **Mr. K. W. Muralidhara Marar** *(Trippunithura):* Will Government be pleased to state.—

what has been the income and expenditure of the Government from the ferry service since nationalisation?

**Mr. K. Ayyappan** *(Minister for Works and Revenue):*

Total receipts Rs. 1,70,829—12—6. Total expenditure Rs. 1,49,277—11—9.

മിസ്റ്റർ എം. ഐ. പോൾ: ഈ ചിലവു കാണിച്ചിട്ടുള്ളതിൽ ബോട്ടുകൾ വാങ്ങിച്ചിട്ടുള്ളതിന്റെ വിലയും ഉൾപ്പെട്ടുകയില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: ചിലവു എന്നു പറയുന്നതു റണ്ണിങ്ങ് എക്സ്പെൻസസ്സ് (Running expenses) മാത്രമാണ്.

മിസ്റ്റർ സി. യു. നാരായണൻ: അതിൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജസ് (Establishment charges) പെടുമോ?



LIBRARY ARCHIVES Kerala Legislative Assembly